രക്ഷയുടെ പാതയിൽ–4



4

# ജീവന്റെ നീർച്ചാലുകൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം





1. ഈശോ ജീവന്റെ ഉറവിടം
2. സഭയിലൂടെ ജീവൻ നൽകുന്ന ഈശോ
3. കൂദാശകൾ: ജീവൻ നൽകുന്ന ചാലുകൾ
4. മാമ്മോദീസാ: ഈശോയിലുള്ള ജനനം
5. തൈലാഭിഷേകം: പരിശുദ്ധാത്മാവിലുള്ള അഭിഷേകം
6. വി. കുർബാന: ജീവൻ നൽകുന്ന ബലി
7. വി. കുർബാന: ജീവന്റെ അപ്പം
8. ഈശോയെ സ്വീകരിക്കാൻ
9. അനുരഞ്ജിതരായ് തീർന്നീടാം
10. അനുരഞ്ജനകൂദാശ
11. രോഗീലേപനം
12. തിരുപ്പട്ടം
13. വിവാഹം
14. കുദാശാനുകരണങ്ങൾ
15. പ്രാർത്ഥന: ദൈവവുമായുള്ള സംഭാഷണം

പാഠം 14

# കൂദാശാനുകരണങ്ങൾ





സഭാമക്കളെ വിശുദ്ധീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സഭയിൽ സ്ഥാപിതമായിരിക്കുന്ന കർമ്മങ്ങളെയും പ്രാർത്ഥനകളെയും ശുശ്രൂഷകളെയുമാണ് കൂദാശാനുകരണങ്ങൾ എന്നു പറയുന്നത്.

മൂറോൻകൂദാശ, ദൈവാലയകൂദാശ, വ്രതവാഗ്ദാനം, മൃതസംസ്കാരം, വെഞ്ചിരിപ്പുകൾ, ആശീർവാദങ്ങൾ തുടങ്ങിയവ കൂദാശാനുകരണങ്ങളിൽ ചിലതാണ്.



# മൂറോൻ കൂദാശ

കൂദാശാനുകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂറോൻ കൂദാശ അഥവാ സൈത്ത് വെഞ്ചെരിപ്പാണ്.

# ദൈവാലയ കൂദാശ

കൂദാശാനുകരണങ്ങളിൽ വരുന്ന മറ്റൊരു വിശുദ്ധ കർമ്മമാണ് ദൈവാലയ കൂദാശ. പണിതീർക്കപ്പെട്ട ദൈവാലയം ഇതുവഴി ദൈവത്തിന് പ്രതിഷ്ഠിക്കപ്പെടുകയും അവിടുത്തെ ഭവനമായി മാറുകയും ചെയ്യുന്നു. അതിനാലാണ് നമ്മൾ പ്രാർത്ഥി ക്കുന്നതിനും ബലിയർപ്പിക്കുന്നതിനുമായി ദൈവാലയത്തിൽ ഒത്തുചേരുന്നത്. ദൈവസാന്നിദ്ധ്യത്താൽ ദൈവാലയം പരിശുദ്ധമാണ്. അതിനാൽ അതിന്റെ പരിശുദ്ധിക്കു യോജിച്ച വിധത്തിലായിരിക്കണം ദൈവാലയത്തിൽ നമ്മൾ പെരുമാറേണ്ടത്.



# വ്രതവാഗ്ദാനം

സമർപ്പിതരുടെ വ്രതവാഗ്ദാനമാണ് കൂദാശാനുകരണങ്ങളിൽ മറ്റൊന്ന്. ദൈവത്തിനു സമർപ്പിക്കപ്പെട്ടവരായി ജീവിക്കുവാൻ വിളി ലഭിച്ചിട്ടുള്ള വ്യക്തികളെ ഈ ശുശ്രൂഷവഴി സഭ വിശുദ്ധീകരിക്കുകയും ദൈവത്തിന് പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം, എന്നീ വ്രതങ്ങൾ അനുഷ്ഠിച്ചുകൊണ്ട് സമർപ്പിതജീവിതം നയിക്കുവാനുള്ള അനുഗ്രഹം ദൈവം ഈ ശുശ്രൂഷവഴി അവർക്കു നൽകുന്നു.



# മൃതസംസ്കാരം

മൃതസംസ്കാര ശുശ്രൂഷകളും കൂദാശാനുകരണങ്ങളിൽ പെടുന്നവയാണ്. ഈ ശുശ്രൂഷയിലൂടെ ക്രിസ്തുശിഷ്യരുടെ മരണത്തിൽ സഭ അവരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ലോകജീവിതത്തിന്റെ അന്ത്യമായ മരണത്തിന്റെ അർത്ഥത്തെക്കുറിച്ചും മരണാനന്തരജീവിതത്തെക്കുറിച്ചും വിശ്വാസികളെ അനുസ്മരിപ്പിക്കുവാനും ഈ ശുശ്രൂഷ സഹായിക്കുന്നു.



# വെഞ്ചെരിപ്പുകളും ആശീർവാദങ്ങളും

വെഞ്ചെരിപ്പുകളും ആശീർവാദങ്ങളും വഴി ദൈവകൃപയാൽ വ്യക്തികളും സ്ഥലങ്ങളും വസ്തുക്കളും തിന്മയിൽനിന്നും തിന്മയുടെ ശക്തിയിൽനിന്നും വിമുക്തരാക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം തിന്മയുടെ ശക്തികളെ അതിജീവിച്ച് വിശുദ്ധജീവിതം നയിക്കുവാൻ വ്യക്തികളെ ഇവ പ്രാപ്തരാക്കുകയും ചെയ്യുന്നു.

# നമുക്കു പാടാം



മഹിമയൊടന്തിമ വിധിനാളിൽ
കർത്താവേ നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ

# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളെ വിശുദ്ധീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി സഭയിലൂടെ വിവിധ കൂദാശാനുകരണങ്ങൾ നൽകിയ ഈശോയേ, അവയിൽ വിശ്വാസത്തോടെ പങ്കുചേർന്ന് ധന്യരാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

നമുക്കു ഭക്തിപൂർവ്വം

ദൈവവചനം വായിക്കാം

(യോഹ.2:13–25)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**എന്റെ പിതാവിന്റെ ആലയം**

**നിങ്ങൾ കച്ചവടസ്ഥലമാക്കരുത്**

(യോഹ. 2:16).

# നമുക്കു ആടാം പാടാം



ദൈവത്തിനർപ്പിതരായിടുവാൻ
ദൈവരാജ്യ വേല ചെയ്തിടുവാൻ
ദൈവത്തിൻ സ്വന്തമായ് തീർന്നിടുവാൻ
ദൈവം വിളിച്ചു സമർപ്പിതരെ
വ്രതബദ്ധജീവിതം പുൽകിയെന്നും
ദൈവപ്രതിഷ്ഠയാൽ ധന്യരായി
ലോകത്തിൻ ദീപമായ് തീർന്നിടുന്നു
ഭൂവിൽ സമർപ്പിതരെന്നുമെന്നും.

Thank you